# പതിനാലാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **496** **30.06.2016**-ൽ മറുപടിയ്ക്ക്

## പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമുള്ള സംവരണം

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമായി വിവിധ വകുപ്പുകളിൽ പ്രഖ്യാപിച്ച പ്രത്യേക നിയമനങ്ങൾ പലപ്പോഴും ജനറൽ വിഭാഗത്തിന് നൽകി സംവരണം അട്ടിമറിക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | ഉണ്ടെങ്കിൽ പരാതിയുടെ നിജസ്ഥിതി പരിശോധിക്കുകയുണ്ടായോയെന്ന് വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമായി റിപ്പോർട്ട് ചെയ്യുന്ന സംവരണ തസ്തികകൾ ഇവർക്ക് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14 (എസ്) ചട്ടപ്രകാരം സർക്കാർ സർവ്വീസിൽ 10% സംവരണം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചിട്ടുണ്ട്. ഇതനുസരിച്ച് 10% പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതിയനുസരിച്ച്, ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള പ്രാതിനിധ്യം അവലോകനം ചെയ്യുകയും അതുവഴി ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ മൂന്ന് കാറ്റഗറികളിൽ 10% പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്തുവരുന്നു. വാർഷിക അവലോകനത്തിൽ ഏതെങ്കിലും വകുപ്പിൽ ഏതെങ്കിലും കാറ്റഗറിയിൽ നിശ്ചിത ശതമാനത്തിൽ കുറവുണ്ടെന്ന് കണ്ടാൽ അത് നികത്തുവാൻ സംവരണ തത്ത്വങ്ങൾ പാലിച്ച് അനുയോജ്യമായ തസ്തികകൾ സംവരണം ചെയ്ത് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ |
| (ഡി) | പ്രസ്തുത വിഭാഗക്കാരുടെ സംവരണ തസ്തികകൾ മറ്റു വിഭാഗത്തിലേക്ക് മാറ്റപ്പെടുന്നത് തടയാനും കർശന നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ? | | |

| | | | |
|---|---|---|---|
| | | | നിന്നും ഉത്തരവുകൾ പുറപ്പെടുവിക്കുകയും അപ്രകാരം സംവരണം ചെയ്യപ്പെട്ട തസ്തികകളിലെ നിയമന പുരോഗതി ഓരോ മാസവും അതത് വകുപ്പിൽ നിന്നും ശേഖരിച്ച് വിലയിരുത്തി വിശദാംശങ്ങൾ ത്രൈമാസ പുരോഗതി റിപ്പോർട്ടായി പുറത്തിറക്കുകയും ചെയ്തുവരുന്നു.<br><br>പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനത്തിലെ പുരോഗതി വിലയിരുത്തുന്നതിനും മറ്റ് അനുബന്ധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ബഹു:മുഖ്യമന്ത്രി ചെയർമാനായുള്ള റിവ്യൂ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ റിസർവ് ചെയ്ത് നൽകി രണ്ടു വർഷം കഴിഞ്ഞിട്ടും നിയമനം നടക്കാത്ത ഒഴിവുകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനും നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും വേണ്ടി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇടയ്ക്കിടെ യോഗം ചേർന്ന് ഇതു സംബന്ധിച്ച തൽസ്ഥിതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പു തലവന്മാർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ